**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**തിരുവനന്തപുരം, നടപടിക്രമം**

---

വിഷയം:-

ആവഡ- ബഹു: കേരളാ ഹൈക്കോടതിയുടെ WP(C) No. 10022/2024-ലെ 13/3/2024-ലെ വിധിന്യായം- ഡോ. ദിവ്യ എൽ പി ,ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ് ) -സർവ്വീസിൽ പുനഃ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു

പരാമർശം:-

1. ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ് ) ഡോ. ദിവ്യ എൽ പി ആരോഗ്യ വകുപ്പ് ഡയറക്ടർക്കു സമർപ്പിച്ച 13/12/2022 -ലെ അപേക്ഷ (Ext P2).
2. ഡോ. ദിവ്യ എൽ പി കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 10022/2024-ലെ 13/3/2024-ലെ ബഹു: ഹൈക്കോടതി വിധിന്യായം.
3. സർക്കാർ കത്ത് നം. എ2-337/2023 തീയതി 15/02/2025
4. സ.ഉ(സാധാ) നം. 587/2015/ഫിൻ തീയതി 26/12/2015

**ഉത്തരവ് നം: 6803/2024 /ഇ.ബി 4/ആവഡ തീയതി: 23-02-2025**

---

വയനാട് ജില്ലയിലെ പനമരം സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻ്റായിരുന്ന ഡോ. ദിവ്യ എൽ പി രാജി ആവശ്യപ്പെട്ടു കൊണ്ടു 15/3/2018-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. രാജി അനുവദിക്കപ്പെടുന്നതിന് മുന്പ് തന്നെ പുനഃപ്രവേശിക്കണമെന്ന് അപേക്ഷിച്ച് ടിയാൽ 3/12/2022-നു ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യവുമായി ബന്ധപ്പെട്ട് ടിയാൽ കേരളാ

ഹൈക്കോടതിയിൽ **WP(C) No. 10022/2024** ഫയൽ ചെയ്തിരുന്നു. ആയതിലെ പരാമർശം 2 ലെ വിധിയിൽ ഹർജിക്കാരിയുടെ **Ext. P2** ഹർജി വിധിപ്പകർപ്പ് ലഭിച്ചു 2 മാസത്തിനകം പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ 3-ആം റെസപ്പൊൻഡെന്റ് ആയ ആരോഗ്യ വകുപ്പ് ഡയറക്ടറോടു ബഹു: ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

2. ബഹു: ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1-ലെ **Ext. P2** ഹർജി വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള സർക്കാർ കത്തിൻ്റെ അടിസ്ഥാനത്തിലും **KSR Part I Rule 23 (d)** യും അതിന്റെ **Government Decision**-നുകളും പ്രകാരം **Ext. P2** വിലെ ആവശ്യം വിശദമായിഅവലോകനം ചെയ്തു. ഈ കേസിൽ ഡോ. ദിവ്യ എൽ പി-യുടെ രാജി സ്വീകരിച്ചു ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ രാജി പിൻവലിക്കുവാൻ അനുവദിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു. പക്ഷേ **KSR Part I Rule 91.A** യിൽ പരാമർശം (4) സർക്കാർ ഉത്തരവു പ്രകാരം **insert** ചെയ്ത നോട്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം **Form No. 12 A** യിൽ 5 വർഷം സർക്കാരിനെ സേവിച്ചു കൊള്ളാം എന്ന **bond** ടിയാൽ എക്സിക്യൂട്ട് ചെയ്യേണ്ടതാണ്. ടിയാളുടെ പുനഃപ്രവേശം അച്ചടക്ക നടപടിയ്ക്ക് വിധേയമായിരിക്കും.

3. മേല്പ്പറഞ്ഞ പ്രകാരം പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻ്റായ ഡോ ദിവ്യ എൽ പി യെ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം താലൂക്കാസ്ഥാന ആശുപത്രിയിലെ ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ് ) വിഭാഗം തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ഡോ ദിവ്യ എൽ പി യുടെ 06.03.2018 മുതൽ തിരികെ പ്രവേശിക്കുന്നത് വരെയുള്ള കാലയളവ് മുൻകാല സർവീസ് നഷ്ടമാകാത്തവിധം നോൺ-ഡ്യൂട്ടി ആയി കണക്കാക്കുന്നതാണ്.

4. ഡോ ദിവ്യ എൽ പി അടിയന്തിരമായി നിയമനം നൽകിയ സ്ഥാപനത്തിൽ ബോണ്ട് സമർപ്പിച്ചു ജോലിയിൽ പ്രവേശിക്കേണ്ടതും ആർ .ടി .സി കൃത്യമായും അയച്ചു തരേണ്ടതുമാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക

വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

5. ഇപ്രകാരം പരാമർശം 2 ലെ ബഹു: കേരളാ ഹൈക്കോടതിയുടെ വിധന്യായം നടപ്പിലാക്കിയിരിക്കുന്നു.

Signed by
Reena K J
Date: 23-02-2025 18:09:22

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ഡോ ദിവ്യ എൽ പി ,ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള,തിരുവനന്തപുരം
2. Advocate General, Kerala
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആ),ഇടുക്കി
4. സൂപ്രണ്ട് ,താലൂക്കാസ്ഥാന ആശുപത്രി നെടുങ്കണ്ടം ,ഇടുക്കി